**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1855** **02-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പഠനത്തോടൊപ്പം വരുമാനവും എന്ന ലക്ഷ്യത്തോടെ സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; | (എ) | മൃഗസംരക്ഷണ വകുപ്പിൽ 2022-2023 സാമ്പത്തിക വർഷം 341 സ്കൂളുകളിൽ പൗൾട്രി ക്ലബ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിൽ പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല. പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി വഴി 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി 24 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിനുള്ള പരിശോധനാ സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ പദ്ധതി നടത്തിപ്പ്, ജില്ലാതല അവലോകന യോഗങ്ങളിൽ ജില്ലാ ഓഫീസർ അവലോകനം ചെയ്യാറുണ്ട്. കൂടാതെ അതാത് സ്കൂളുകളിലെ അധ്യാപക-രക്ഷാകർതൃ സംഘടനകൾ, പദ്ധതിയുടെ നിർവ്വഹണ ഓഫീസറായ വെറ്ററിനറി സർജൻ/ സീനിയർ വെറ്ററിനറി സർജൻ എന്നിവർ പദ്ധതി പരിശോധിക്കാറുണ്ട്. ഈ പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന സ്കൂളുകളിലെ അദ്ധ്യാപക രക്ഷാകർതൃ സംഘടനകളുടെ മേൽനോട്ടത്തിൽ പരിശോധനാ സംവിധാനം നിലവിലുണ്ട്. ഇവർ കുട്ടികൾക്ക് ലഭിക്കുന്ന കോഴികൾ നല്ല രീതിയിൽ പരിപാലിച്ച് അവ മുട്ടയിടുന്നുവെന്ന് ഉറപ്പ് വരുത്തുകയും മുട്ടകൾ സ്കൂളുകളിൽ ശേഖരിക്കുകയും, ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ